ഉത്തരം

(എ) ഉദ്ദേശം പത്തു ബസ്സുകളും വരും. കൂടുതൽ യാത്രക്കാരെ ഉദ്ദേശിച്ചാണീ സീറ്റുകളുടെ ക്രമീകരണം നടത്തിയിട്ടുള്ളത്.

(ബി) പ്രധാനമായും സിറ്റി സർവ്വീസിലാണ് ഇവ സർവ്വീസ് നടത്തുന്നത്.

(സി) പരാതികളും ഒന്നും തന്നെ കിട്ടിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാം.

തിരുവനന്തപുരം സിറ്റി ട്രാൻസ്പോർട്ട് ഗ്യാരേജിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകളും

611 [871] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ തിരുവനന്തപുരം സിറ്റി ട്രാൻസ്പോർട്ടു ഗ്യാരേജിൽനിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ എത്ര;

(ബി) ഉപയോഗശൂന്യമായ നിലയിൽ എത്രയെണ്ണമുണ്ട്;

(സി) ഇവ സർവ്വീസ് നടത്തത്തക്ക രീതിയിൽ റിപ്പയർ ചെയ്യാൻ എത്രനാൾ വേണ്ടിവരുമെന്ന് പറയാമോ?

ഉത്തരം

(എ) ഇരുനൂറിനാൽപ്പത്തിയേഴു ബസ്സുകൾ തിരുവനന്തപുരം സിറ്റിയിൽ സർവ്വീസ് നടത്തുന്നുണ്ട്.

(ബി,സി) ഉപയോഗശൂന്യമായ എല്ലാ ബസ്സുകളും സർവ്വീസിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ കാര്യക്ഷമമായി നടത്തുവാൻ പദ്ധതി

612 [872] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു ഗതാഗത സർവ്വീസുകളുടെ 35 ശതമാനം കൈകാര്യം ചെയ്യുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) 1978-ൽ എത്ര പുതിയ ബസ്സുകളാണ് കോർപ്പറേഷനിറക്കുവാനുദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഴക്കംചെന്ന ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തേണ്ടിവരുന്നതാണ് കാര്യക്ഷമത കുറയുവാനുള്ള ഒരു പ്രധാന കാരണം. അതിനാൽ പഴക്കം ചെന്നതും വളരെയധികം അറ്റകുറ്റപണികൾ വേണ്ടിവരുന്നതുമായ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ നൽകുക, നിലവിലുള്ള റൂട്ടുകളിൽ ആവശ്യാനുസരണം കൂടുതൽ ഷെഡ്യൂളുകളേർപ്പെടുത്തുക എന്ന ഒരു നയം സ്വീകരിച്ച് നടപ്പാക്കി വരുന്നു.

(ബി) 1978-79-ൽ 231 പുതിയ ബസ്സുകൾ സർവ്വീസിനിറക്കിയിട്ടുണ്ട്. 1979-80-ൽ 487 പുതിയ ബസ്സുകൾ സർവ്വീസിനിറക്കുവാൻ ഉദ്ദേശിക്കുന്നു. ഇവയെല്ലാം പ്രധാനമായും പഴയ ബസ്സുകൾക്ക് പകരം ഉപയോഗിക്കുന്നതാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പുന:സംവിധാനം

613 [873] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുന:സംവിധാനം ചെയ്യുന്നതിന് എന്തെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ;

(ബി) ഇതിന്റെ വിവിധ വശങ്ങളെപറ്റി ചിന്തിക്കുന്നതിന് ഗവൺമെന്റ് കോൺഫറൻസുകളും മറ്റും നടത്തിയതിന്റെ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) ഉണ്ട്. കോർപ്പറേഷനിലെ യൂണിയനുകളുമായികൂടി ചർച്ച നടത്തിയതിനു ശേഷം നടപടികളെടുക്കാമെന്നു കരുതുന്നു. ഇതു സംബന്ധിച്ച കോൺഫറൻസ് ഇതുവരെ നടന്നിട്ടില്ല.

ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടി

614 [875] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരിച്ച ശമ്പളം നൽകേണ്ടിവരുന്ന പുതിയ തസ്തികകൾ ഉണ്ടാക്കുന്നതിന് പകരം ബസ്സുകൾക്കാവശ്യമായ ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാരിച്ച ശമ്പളം നൽകേണ്ടിവരുന്ന പുതിയ തസ്തികകൾ ഉണ്ടാക്കുന്നു എന്ന സൂചന ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly